# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2595 | 05.11.2019 -ൽ മറുപടിയ്ക്ക്

നെയ്യാർഡാം ടൂറിസം വികസനം

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാർഡാം ടൂറിസം വികസനത്തിന്റെ ഭാഗമായി തയാറാക്കിയ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള പല പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | നെയ്യാർ ഡാം ടൂറിസം വകസനത്തിന്റെ ഭാഗമായി 465.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയിരുന്ന ഇലക്ട്രിഫിക്കേഷൻ ഓഫ് ഗാർഡൻ ഏരിയ, ഡാം സൈറ്റ് മുതലായ ഘടകങ്ങൾ ടൂറിസം വകുപ്പ് കെൽട്രോൺ മുഖേന ഏർപ്പെടുത്തുകയു ണ്ടായി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയിരുന്ന സിവിൽ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭരണാനുമതി നൽകിയിട്ടുള്ള ഈ പ്രവൃത്തികളിൽ പലയിനങ്ങളും ഡാം കാമ്പസിനുള്ളിൽ പ്രായോഗികമല്ലാത്തതിനാൽ പദ്ധതിയുടെ ആർക്കിടെക്ട് നൽകിയ രൂപരേഖയനുസരിച്ച് ഇറിഗേഷൻ വകുപ്പ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ടെണ്ടർ മുഖേന ഏർപ്പാടാക്കുകയും ചെയ്തു. നിലവിൽ ഈ പ്രവൃത്തിയുടെ 80 ശതമാനത്തോളം പൂർത്തിയായിട്ടുള്ളതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ക്യാൻസൽ ചെയ്തതെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ ൽ ഉൾപ്പെട്ടിരുന്ന Welcome Foundation, Rain Showers, Family Zone near KTDC, Terminal Hotel pavallion Around Watch tower, തുടങ്ങിയ ഇനങ്ങളാണ് ഫസ്റ്റ് ഫേസിൽ നിന്നും ഒഴിവാക്കിയതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത ഇനങ്ങൾ ഡാം ഗാർഡൻ മേഖലകളിൽ പ്രായോഗികമല്ലാത്തതിനാലും Family Zone , Pavallion Around Watch Tower തുടങ്ങിയ ഇനങ്ങൾ സെക്കൻറ് ഫേസിൽ ഉൾപ്പെടുത്താമെന്നുള്ള ആർക്കിടെക്ടിൻറെ നിർദ്ദേശം ഉണ്ടായിരുന്നതിനാലുമാണ് ഇത് ഒഴിവാക്കിയതെന്നാണ് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വെളിപ്പെടുത്താമോ ; | (സി) & ഡി) | സാങ്കേതികാനുമതി ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഏർപ്പാടാക്കിയ /നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ഇതിൽ Renovation of Children Play Area, Modernization and renovation of Swimming pool എന്നിവ ഒഴികെയുളള പ്രവൃത്തികൾ എല്ലാം പൂർത്തിയായിട്ടുണ്ട്. സ്വിമ്മിംഗ് പൂളിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിക്കായി മേൽപറഞ്ഞ വ്യതിയാനങ്ങൾ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പ് നൽകിയ പുതിയ പ്രൊപ്പോസൽ പിരശോധനയിലാണ്. |
| (ഡി) | ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | | |
| ഇ) | നെയ്യാർഡാം വികസനത്തിനായി തയാറാക്കിയ മാസ്റ്റർ പ്ലാനിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ ? | ഇ) | നെയ്യാർ ഡാം വികസനത്തിന് പ്രത്യേക മാസ്റ്റർ പ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം

## Components as per Original DPR

| Sl No | Components | Amount (Rs. In |
|---|---|---|
| 1 | Information Centre-Modernisation | 8.00 |
| 2 | Welcome Fountain (RCC Fountain, Nozzles, 230mm thick brick wall for garden soil packing for planting , 120mm thick RCC work for the fountain catchment ), pond around sculpture | 9.90 |
| 3 | Soft Landscaping, planting trees | 25.00 |
| 4 | Water Fountain in garden area | 21.75 |
| 5 | Food Court zone | |
| a | Food Court (214.03 sq ft) | 4.89 |
| b | Ice Cream Parlour (96.84 sq ft) | 3.65 |
| c | Coffee Bar (126.80 sq ft) | 3.72 |
| d | Paving area near shop | 4.50 |
| e | Tree Court | 3.00 |
| 6 | Rain Showers | |
| a | General-Men & Children | 9.40 |
| 7 | Family Zone Near KTDC Tamirind Hotel | |
| a | Board Walkway - 13.10 | 13.10 |
| b | Gazebo (TypeI-4 Nos), (Type II-3 Nos) | 54.24 |
| c | Paving area with kerb | 31.75 |
| d | Pergola (7 Nos) | 34.86 |
| e | Canteen and pantry (269 sq ft) | 10.00 |
| f | Wash rooms(24 m2 area each for gents and ladies (2 Nos) | 8.50 |
| 8 | Pavilion around Watch Tower (2 Nos) & Board Walkways (4 Nos but cut short to 2 Nos) | 41.18 |
| 9 | Renovation of Childrens park | 12.00 |
| 10 | Street Furniture | 30.00 |
| 11 | Maintenance of Walkway on dam top | 24.00 |
| 12 | Photo Points | 15.10 |
| 13 | Electrification at Garden area, Dam site etc | 55.28 |
| | | 423.82 |
| | Project Management Charges 6% | 25.43 |
| | Service Tax 14.5% on consultancy fees | 3.68 |
| | Consultancy charge 2.5% | 10.59 |
| | Service Tax 14.5% on consultancy fees | 1.53 |
| | Total | 465.05 |

സെക്ഷൻ ഓഫീസർ